പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3643**

30.01.2014 ൽ മറുപടിയ്ക്ക്

## താമരക്കുളം വി.വി.എച്ച്.എസ്.എസ്.-ലെ വിദ്യാർത്ഥി സംഘട്ടനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മാവേലിക്കര താമരക്കുളം വി.വി.എച്ച്.എസ്.എസ്.-ൽ 2013 ഒക്ടോബർ-നവംബർ മാസങ്ങളിൽ നടന്ന വിദ്യാർത്ഥി സംഘട്ടനവുമായി ബന്ധപ്പെട്ട് എടുത്തിട്ടുള്ള കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) മാവേലിക്കര താമരക്കുളം വി.വി.എച്ച്.എസ്.എസ്-ൽ 2013 ഒക്ടോബർ-നവംബർ മാസങ്ങളിൽ നടന്ന വിദ്യാർത്ഥി സംഘട്ടനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 11.10.2013 തീയതി പകൽ 1.45 മണിയോടുകൂടി താമരക്കുളം വി.വി.എച്ച്.എസ്.എസ്.-ൽ 9-ാം ക്ലാസ്സിൽ പഠിച്ചുവരുന്ന 14 വയസുള്ള ഷെജാദിനെ കരിമുളയ്ക്കൽ ഭാഗത്തുള്ള സജീവ്, ഉണ്ണി, രാജേഷ് എന്നിവർ ചേർന്ന് ടി സ്കൂൾ ഗേറ്റിന് സമീപം വെച്ച് ദേഹോപദ്രവമേൽപ്പിച്ചതിന് ടിയാന്റെ മൊഴി രേഖപ്പെടുത്തി നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 1307/2013 u/s 341, 323, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതാകുന്നു. സ്കൂളിൽ പഠിക്കാത്തവരായ പ്രതികളെ യുവജനോത്സവ ദിവസം സ്കൂളിൽ കയറാൻ അനുവദിക്കാതിരുന്നതാണ് വിരോധ കാരണം. |

2. 11.10.2013 തീയതി പകൽ 2 മണിയോടു കൂടി ടി സ്കൂളിൽ പ്ലസ് ടു-വിന് പഠിക്കുന്ന അരുൺകുമാറിനെ ചാരുമ്മൂട് ഭാഗത്തുള്ള നിഷാദും, അൽ-അമീനും, സിയാദും, ഷമീറും, ഹാരിഷും മറ്റും ചേർന്ന് ടി സ്കൂൾ കോമ്പൗണ്ടിനുള്ളിൽ വെച്ച് ദേഹോപദ്രവ മേൽപ്പിച്ചതിനു ടിയാന്റെ മൊഴി രേഖപ്പെടുത്തി നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 1308/13 u/s 294(b), 447, 323, 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതാകുന്നു. സ്കൂളിൽ കുട്ടികൾക്ക് ആരോ ലഹരി സാധനങ്ങൾ കൊണ്ടു കൊടുക്കുന്ന വിവരം ടി അരുണും സുഹൃത്തായ ഉണ്ണിയും കൂടി സ്കൂൾ പ്രിൻസിപ്പലിനോട് പറഞ്ഞു കൊടുത്തു എന്നുള്ള തെറ്റിദ്ധാരണയാണ് വിരോധ കാരണം.

3. 04.11.2013 തീയതി പകൽ 11 മണിയോടുകൂടി വി.വി.എച്ച്.എസ്.എസ്.-ൽ കെ.എസ്.യു.-വിന്റെ സമരത്തെ തുടർന്ന് സ്കൂളിൽ നിന്നും പുറത്തേക്കു വന്ന, ടി സ്കൂളിൽ 9-ാം ക്ലാസ്സിൽ പഠിക്കുന്ന ലെനിൻ ദിവാകരനെയും, സച്ചുവിനെയും യൂത്ത് കോൺഗ്രസ്സ് പ്രവർത്തകരായ തൻസീറും, ജൻസീറും, രോഹിത്തും, ടി സ്കൂളിൽ പ്ലസ് ടു-വിനു പഠിക്കുന്ന റിയാസും കൂടി ദേഹോപദ്രവമേല്പിച്ചതിന് ടിയാന്റെ മൊഴി രേഖപ്പെടുത്തി നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 1412/13 u/s 323, 324, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതാകുന്നു. ലെനിൻ ദിവാകരനും, സച്ചുവും എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടനയുടെ പഠിപ്പുമുടക്കിലും ജാഥയിലും പങ്കെടുത്തതാണ് വിരോധ കാരണം.

4. 05.11.2013 തീയതി വി.വി.എച്ച്.എസ്.എസ്. ഹെഡ്മാസ്റ്റർ വിവിധ വിദ്യാർത്ഥി സംഘടനകൾ ടി സ്കൂളിൽ സമരം നടത്തുന്നതുമായി ബന്ധപ്പെട്ട് ചെങ്ങന്നൂർ

| | | | |
|---|---|---|---|
| | | | ഡി.വൈ.എസ്.പി.ക്ക് പരാതി നൽകിയിരുന്നതും, ടി പരാതിയുടെ അടിസ്ഥാനത്തിൽ 10.11.2013 തീയതി നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 1448/13 u/s 143, 147, 149, 341 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നതുമാകുന്നു. |
| (ബി) | പ്രസ്തുത സ്കൂളിലെ ലെവിൻ ദിവാകരൻ, സച്ചു എന്നീ വിദ്യാർത്ഥികളെ ആക്രമിച്ച കേസിലെ പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ; ഇവർക്കെതിരെ എടുത്ത കേസുകളുടെ വിശദാംശങ്ങൾ നൽകുമോ; | (ബി) | നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം 1412/13 u/s 323, 324, 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. പ്രതികളെ അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) | ഇവർക്കെതിരെ പട്ടികജാതി പീഢന നിരോധന വകുപ്പ് പ്രകാരം കേസെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | പട്ടികജാതി പീഢന നിരോധന വകുപ്പ് പ്രകാരമുള്ള പരാതി ലഭിച്ചിട്ടില്ലാത്തതിനാൽ ടി വകുപ്പ് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| (ഡി) | കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | പ്രസ്തുത കേസ്സുകളിന്മേൽ ഊർജ്ജിത അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ